വെണ്ടർമാരുടെ അപേക്ഷ പ്രകാരം ബന്ധപ്പെട്ട ഓഫീസ് മുദ്രപതിച്ചു വിതരണം ചെയ്യുകയും ചെയ്തുവരുന്നു. ഇതിന്റെ വ്യക്തമായ കണക്ക് ബന്ധപ്പെട്ട ട്രഷറി സ്റ്റാമ്പ് ഡിപ്പോയിൽ സൂക്ഷിച്ചുവരികയും ചെയ്യുന്നു. വെണ്ടർമാർക്ക് വിതരണം ചെയ്യുന്ന മുദ്രപത്രങ്ങളുടെ കണക്കുകൾ സൂക്ഷിക്കുന്നതിന് വെണ്ടർ നാൾവഴി കർശനമായി പരിശോധിക്കുന്നുണ്ട്. പതിനായിരം (10,000) രൂപയ്ക്ക് മുകളിലുള്ള മുദ്ര പത്രങ്ങൾക്ക് അപേക്ഷ ലഭിക്കുമ്പോൾ അപേക്ഷകന്റെ കൃത്യമായ മേൽവിലാസമുണ്ടോ യെന്നും മുദ്രപത്രം മറ്റാർക്കെങ്കിലും കൈമാറ്റം ചെയ്യാൻ അപേക്ഷയിൽ നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും ഉറപ്പുവരുത്തുന്നുണ്ട്. സ്റ്റാമ്പ് റൂൾ 43 പ്രകാരം വെണ്ടർമാർ വിൽക്കുന്ന എല്ലാ മുദ്രപത്രങ്ങളുടെയും കണക്കുകളും ആർക്കാണോ വിറ്റത് അവരുടെ കൃത്യമായ മേൽവിലാസവും വെണ്ടർമാരുടെ രജിസ്റ്ററിൽ രേഖപ്പെടുത്തിയി ട്ടുണ്ടോയെന്നും പരിശോധിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് വ്യാജ മുദ്രപത്രം തിരിച്ചറിയുന്നതിന് ഉള്ള സംവിധാനം നിലവിലില്ല. ആയതിനാൽ ഇതേക്കുറിച്ച് പഠനം നടത്തുന്നതിന് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെ ഒരു സംഘത്തിനെ നാസിക്കിലേയും ഹൈദരാബാദിലേയും മുദ്രപത്രം അച്ചടിക്കുന്ന സെക്യൂരിറ്റിപ്രസ്സിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. പഠനസംഘം തിരിച്ചെത്തിയ ശേഷം മുദ്രപത്രങ്ങൾ പരിശോധി ക്കുന്നതാണ്.

(സി) വെണ്ടർമാർ വാങ്ങിയ മുദ്രപത്രങ്ങൾ ഉപയോഗിക്കാൻ കഴിയാതിരുന്ന തിനെ തുടർന്ന് തുക റീഫണ്ട് ചെയ്തു ലഭിക്കുന്നതിനായി കഴിഞ്ഞ രണ്ടു വർഷത്തി നുള്ളിൽ 1680 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതു റീഫണ്ട് ചെയ്യുന്നതിനായി 97,16,178 രൂപ വേണ്ടി വരും.

(ഡി, ഇ) സി. ബി. ഐ. മുഖാന്തിരം അന്വേഷണം നടത്തണമെന്നാവശ്യ പ്പെട്ടുകൊണ്ട് 68365/ഡി1/2003/ആഭ്യന്തരം എന്ന നമ്പരിൽ 5-12-2003-ൽ സംസ്ഥാന സർക്കാർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കത്തയച്ചിട്ടുണ്ട്.

മാറാട് സംഭവം ഒത്തുതീർപ്പാക്കുന്നതിന് സ്വീകരിച്ച വ്യവസ്ഥ

*9 [8] ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, കോടിയേരി ബാലകൃഷ്ണൻ:
,, വി. കെ. സി. മമ്മത്കോയ:
,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാറാട് സംഭവം ഒത്തുതീർപ്പാക്കുന്നതിന് സർക്കാർ വിവിധ സംഘടന കളുമായി ചർച്ച നടത്തിയിരുന്നുവോ; എങ്കിൽ ഏതെല്ലാം സംഘടനകളുമായാണ് ചർച്ച നടത്തിയതെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാറാട് സംഭവം ഒത്തുതീർപ്പാക്കുന്നതിന് വിളിച്ചു ചേർത്ത യോഗത്തിൽ ഏതെല്ലാം സംഘടനാപ്രതിനിധികളെയാണ് ക്ഷണിച്ചത്; ഇതിൽ രാഷ്ട്രീയപാർട്ടി പ്രതിനിധികളുണ്ടായിരുന്നോ;

(സി) പ്രതിപക്ഷ പാർട്ടികളുടെ പ്രതിനിധികളെ യോഗത്തിനു വിളിച്ചിരുന്നോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) മാറാട് സംഭവം ഒത്തുതീർപ്പാക്കുന്നതിന് സർക്കാർ മുന്നോട്ടു വച്ച ഒത്തുതീർപ്പുവ്യവസ്ഥകൾ എന്തൊക്കെയാണെന്ന് പറയാമോ;

(ഇ) മാറാട് സംഭവം ഒത്തുതീർപ്പാക്കുന്നതിന് സ്വീകരിച്ച ഒത്തുതീർപ്പു വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ, ബി) മാറാട് പ്രശ്നം ഒത്തുതീർപ്പാക്കുന്നതിനായി വിവിധ ദിവസങ്ങളിൽ ചർച്ച നടത്തിയിരുന്നു. ചർച്ചകൾ സംബന്ധിച്ച വിവരം താഴെ പറയുന്നു:

1. 6-6-2003, 5-7-2003 എന്നീ തീയതികളിൽ മന്ത്രിസഭാ ഉപസമിതി വിളിച്ചു ചേർത്ത യോഗത്തിൽ ബി. ജെ. പി., ആർ. എസ്. എസ്., അരയസമാജം ഇവരൊഴികെ എല്ലാ സംഘടനകളും രാഷ്ട്രീയപാർട്ടികളും പങ്കെടുത്തു.

2. 19-5-2003-ന് ജില്ലാകളക്ടർ വിളിച്ചുചേർത്ത യോഗത്തിൽ, രാവിലെ 10.30-ന് ബി. ജെ. പി., ആർ. എസ്. എസ്., വി. എച്ച്. പി., അരയസമാജം എന്നിവർ പങ്കെടുത്തു. രാവിലെ 11 മണിക്ക് മതനേതാക്കൾ പങ്കെടുത്തു. 11.30-ന് മാധ്യമപ്രവർത്തകരും, 12.30-ന് സാമൂഹിക സാംസ്കാരിക പ്രവർത്തകരും പങ്കെടുത്തു.

3. 17-9-2003-ന് പൊതുഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കോഴിക്കോട് വച്ച് അരയസമാജവുമായി ചർച്ച നടത്തി.

4. 26-9-2003-ന് മുഖ്യമന്ത്രി എറണാകുളം ഗസ്റ്റ് ഹൗസിൽ വച്ച് ഹിന്ദു ഐക്യവേദി, അരയസമാജം എന്നിവരുമായി അനൗപചാരിക ചർച്ച നടത്തി.

5. 2-10-2003 ഗാന്ധിസ്മാരക നിധിയുടെ നേതൃത്വത്തിൽ ഉഭയകക്ഷി ചർച്ചകൾ കോഴിക്കോട് വച്ചു നടന്നു.

6. 4-10-2003-നും 5-10-2003-നും മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ക്ലിഫ് ഹൗസിൽ ഉഭയകക്ഷി ചർച്ച നടന്നു.

ഒക്ടോബർ 2, 4, 5 തീയതികളിൽ കോഴിക്കോടും തിരുവനന്തപുരത്തും നടന്ന ചർച്ചകളിൽ അരയസമാജം, ഹിന്ദു ഐക്യവേദി, ബി. ജെ. പി., മുസ്ലീംലീഗ് എന്നീ സംഘടനകളാണ് ചർച്ചയിൽ പങ്കെടുത്തത്. കേരള ഗാന്ധി സ്മാരകനിധി ചെയർമാൻ ശ്രീ. ഗോപിനാഥൻ നായരാണ് ഉഭയകക്ഷി ചർച്ചകൾക്ക് മുൻകൈയെടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗാന്ധിസ്മാരകനിധി ഒക്ടോബർ 2, 4, 5 തീയതികളിൽ നടത്തിയ ചർച്ചകളിൽ പ്രതിപക്ഷപാർട്ടികളുടെ പ്രതിനിധികളെ ചർച്ചയ്ക്കു വിളിച്ചിരുന്നില്ല. ഗാന്ധിസ്മാരകനിധി മുൻകൈയെടുത്ത് കോഴിക്കോട് വച്ച് നടന്ന ചർച്ചയുടെ തുടർച്ച ആയതുകൊണ്ടാണ്. ഒക്ടോബർ 4, 5 എന്നീ തീയതികളിൽ നടത്തിയ ചർച്ചകളിൽ പ്രതിപക്ഷപാർട്ടികളെ വിളിക്കാതിരുന്നത്. ആരെയൊക്കെ വിളിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നില്ല.

(ഡി) മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 2003 ഒക്ടോബർ 4, 5 തീയതികളിൽ ക്ലിഫ് ഹൗസിലാണ് മാറാട് പ്രശ്നപരിഹാരത്തിനുള്ള ഒത്തുതീർപ്പു വ്യവസ്ഥകൾ അംഗീകരിച്ചത്. സർക്കാർ പ്രത്യേകിച്ച് ഒരു നിർദ്ദേശവും മുന്നോട്ടു വച്ചിരുന്നില്ല. ഉഭയകക്ഷി ചർച്ചയിൽ കോഴിക്കോടുവച്ചുണ്ടായ ധാരണയാണ് ഒത്തുതീർപ്പു വ്യവസ്ഥയായി പിന്നീട് അംഗീകരിച്ചത്.

(ഇ) ഒത്തുതീർപ്പു വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

1. മാറാട് സംഭവത്തിന്റെ പിന്നിലെ ഗൂഢാലോചന, അന്തർ സംസ്ഥാന ബന്ധം, തീവ്രവാദ ബന്ധം എന്നിവ സി. ബി. ഐ. യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനെപ്പറ്റി നിയമവശം നോക്കി അനന്തരനടപടികൾ സ്വീകരിക്കേണ്ടതും ആദ്യപടിയായി അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടേണ്ടതുമാണ്.

2. കൊല്ലപ്പെട്ടവരുടെ ആശ്രിതർക്ക് 10 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകും.

3. കൊല്ലപ്പെട്ടവരുടെ ആശ്രിതരിൽ ഒരാൾക്ക് യോഗ്യത നോക്കി സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി നൽകും.

4. ആക്രമത്തിൽ ഗുരുതരമായി പരിക്കേറ്റ് ചികിൽസയിൽ കഴിയുന്നവർക്ക് 5 ലക്ഷം രൂപ വീതവും, പരിക്കേറ്റ മറ്റുള്ളവർക്ക് 3 ലക്ഷം രൂപ വീതവും നഷ്ടപരിഹാരം നൽകും.

5. മാറാട് പുനരധിവാസപ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

6. വീട്, തൊഴിലുപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ടവർക്ക് നാശനഷ്ടം തിട്ടപ്പെടുത്തി ഫിഷറീസ് വകുപ്പ് മുഖേന സഹായധനം നൽകും.

7. മാറാട് പ്രശ്നത്തിന്റെ പേരിൽ നടന്ന സമരത്തിന്റെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ എടുത്ത കേസുകൾ പിൻവലിക്കാൻ ശുപാർശ ചെയ്യും.

8. മാറാട്, മുഴുവൻ strength-ഓടുകൂടിയുള്ള ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കും.

LIBRARY ARCHIVES Kerala Legislative Assembly

9. ബേപ്പൂരിൽ കോസ്റ്റ് ഗാർഡ് സ്റ്റേഷൻ തുടങ്ങുന്നതിന് വേണ്ടിയുള്ള ഭൂമി ഉടൻതന്നെ വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കും.

10. മാറാട് വികസന പാക്കേജ് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട മന്ത്രിമാർ നേരിട്ട് വേണ്ട നടപടികൾ എടുക്കേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കാൻ പദ്ധതി

*10 [9] ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ:
,, സ്റ്റീഫൻ ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളിൽ കമ്പ്യൂട്ടർവൽക്കരണം നടത്തി നെറ്റ് വർക്ക് സമ്പ്രദായം നടത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനായി എന്ത് തുക വേണ്ടിവരുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഇ) ഏത് ഏജൻസിവഴിയാണ് കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഉണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) നെറ്റ് വർക്ക് സംവിധാനം ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(ഡി) പദ്ധതിയുടെ അടങ്കൽ 150 കോടി രൂപയാണെന്ന് കണക്കാക്കിയിട്ടുണ്ട്.

(ഇ) ആപ്ലിക്കേഷൻ സോഫ്റ്റ്വെയറുകൾ വികസിപ്പിച്ചു നൽകുന്നത് ഇൻഫർമേഷൻ കേരള മിഷൻ വഴിയാണ്. ഹാർഡ്വെയറും സോഫ്റ്റ്വെയറും വിന്യസിക്കുന്ന ചുമതല "ബോൾട്ട്" അടിസ്ഥാനത്തിൽ ടെണ്ടർ വഴി തെരഞ്ഞെടുക്കപ്പെടുന്ന സ്വകാര്യ ഏജൻസിക്ക് ആയിരിക്കും.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly